"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്-എക്സൈസ്-ജീവനക്കാര്യം-ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ ഡ്രൈവർ (ഗ്രേഡ് 1) തസ്തികയിൽ സേവനമനുഷ്ഠിക്കവെ മരണമടഞ്ഞ സുധീഷ്.പി കൈപ്പറ്റിയ ഓണം അഡ്വാൻസ് തുക എഴുതി തള്ളാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.295/2024/TAXES തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:- 1. സ.ഉ(പി).91/17/ധന തീയതി 17.07.17.

2. എക്സൈസ് കമ്മീഷണറുടെ 15.02.2022ലെ ഇ.എക്സ്.സി/436/2022 -ഇ10 നമ്പർ കത്ത്.

**ഉത്തരവ്**

കാട്ടു തേനീച്ചയുടെ ആക്രമണത്തിൽ പരിക്കേറ്റ് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ള ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ ഡ്രൈവർ (ഗ്രേഡ് 1) സുധീഷ്.പി 2021 വർഷത്തിൽ ഓണം ഫെസ്റ്റിവൽ അഡ്വാൻസായി 15000 രൂപ കൈപ്പറ്റിയിട്ടുള്ളതും, എന്നാൽ ടിയാൻ ആദ്യത്തെ ഇൻസ്റ്റാൾമെന്റ് തുകയായ 3,000/- രൂപ മാത്രമേ തിരിച്ചടച്ചിട്ടുള്ളൂ എന്നും ബാക്കി തുകയായ 12,000/- രൂപ എഴുതി തള്ളുന്നതിനായി ടിയാന്റെ വിധവയായ ശ്രീമതി.രജിത.എം.കെ സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ ഡ്രൈവർ (ഗ്രേഡ് 1) തസ്തികയിൽ സേവനമനുഷ്ഠിക്കവെ മരണമടഞ്ഞ സുധീഷ്.പി കൈപ്പറ്റിയ ഓണം അഡ്വാൻസ് തുകയായ 15,000/-രൂപയിൽ നിന്ന് തിരികെ പിടിക്കാനുള്ള 12,000/-രൂപ പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് എഴുതി തള്ളാനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് , ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ് ( 2006818- EXP-B1/123/2022-FIN dated 12.03.2024).
4.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5.കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese V A
Date: 23-03-2024 09:15:13
സെക്ഷൻ ഓഫീസർ